പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1370

12/07/2011 ൽ മറുപടിക്ക്

## പൊതുവിപണിയിൽ അരിവില വർദ്ധിക്കുന്നത് തടയാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.എം.ചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീ.കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ) | : | ശ്രീ. ടി.എം.ജേക്കബ്<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് നടപ്പിലാക്കേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | | (എ) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1. സംസ്ഥാനത്ത് ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ 25 കിലോ അരി നല്കുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് 2011 ഓണത്തിനു തന്നെ വിതരണം ചെയ്യുന്നതാണ്.<br><br>2. സംസ്ഥാനത്ത് വിവിധ സപ്ലൈ ഓഫീസുകളിൽ പുതിയ റേഷൻകാർഡുകൾക്കായി കെട്ടിക്കിടക്കുന്ന മൂന്നു ലക്ഷം അപേക്ഷകൾ തീർപ്പാക്കി നൂറു ദിവസത്തിനുള്ളിൽ തന്നെ റേഷൻകാർഡ് നല്കുന്നതാണ്. റേഷൻ കാർഡിനായി തുടർന്ന് അപേക്ഷ നല്കുന്നവർക്ക് അന്നു തന്നെ റേഷൻകാർഡ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു രൂപയ്ക്ക് 25 കിലോ അരി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നത്തേക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (ബി) | കിലോഗ്രാമിന് ഒരു രൂപ നിരക്കിൽ 25 കിലോ അരി നല്കുന്ന പദ്ധതി ഈ വർഷം ഓണത്തിന് മുൻപ് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | മുൻസർക്കാരിന്റെ കാലത്ത് എ.പി.എൽ-ബി.പി.എൽ. വ്യത്യാസമില്ലാതെ റേഷൻ കടകൾ വഴി രണ്ട് രൂപയ്ക്ക് അരി നൽകിയതുമൂലം പൊതു വിപണിയിൽ അരി വില വർദ്ധിക്കുന്നതു തടയാൻ സാധിച്ചു എന്നത് ശ്രദ്ധയിൽ-പ്പെട്ടിട്ടുണ്ടോ; | (സി) | പൊതുവിപണയിലെ അരിവില വർദ്ധിക്കുന്നത് ഒരു പരിധി വരെ തടയാൻ സാധിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതു തുടരുന്നതിന് നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ; | (ഡി) | ഈ പദ്ധതി തുടർന്നു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.